# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 1373 12.03.2015 - ൽ മറുപടിക്ക്

## ആറ്റിങ്ങലിലെ ദേശീയപാത വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയ പാതയുടെ വീതി കൂട്ടുന്നതിന്റെ ഭാഗമായി 31.12.2014 - ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ; | (എ) | 31.12.2014 - ലെ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദ-വിവരങ്ങൾ ലഭ്യമാക്കാമോ ; | (ബി) & (സി) | സംസ്ഥാന ആസൂത്രണബോർഡ് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ NATPAC പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് പൊതുമരാമത്ത് വകുപ്പ് 22.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാന ആസൂത്രണബോർഡ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള ശുപാർശകളെ-ക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

## ആറ്റിങ്ങൽ ടൗൺ വികസനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി, ശ്രീ.ബി.സത്യൻ.എം.എൽ.എ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31.12.2014 ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 11.45 ന് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ദേശീയപാത 47 ന്റെ ഭാഗമായ ആറ്റിങ്ങൽ ടൗൺ വളരെയധികം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സ്ഥലമാണ്. ഇത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ വിശദമായ പഠനം നടത്തുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും നാറ്റ്പാക്ക് പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആസൂത്രണ കമ്മീഷൻ അംഗമായ ശ്രീ.വിജയരാഘവൻ അദ്ധ്യക്ഷനായി ആസൂത്രണ കമ്മീഷൻ ആസ്ഥാനത്ത് 13.06.2014 ൽ കൂടിയ യോഗത്തിൽ മൂന്നുമുക്ക് മുതൽ പൂവൻപാറ വരെയുള്ള 3.00 കി.മീറ്റർ ദൂരം 20 മീറ്റർ വീതി കൂട്ടി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഭൂമിയുടെ ലഭ്യത ആറ്റിങ്ങൽ നഗരസഭ Free Surrender ഉറപ്പാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം സർവ്വേ നടത്തി രൂപരേഖ തയ്യാറാക്കുകയും ടി 3 കി.മീറ്റർ ദൂരം അനുബന്ധ സംവിധാനങ്ങളോടെ വികസിപ്പിക്കുന്നതിന് 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

വിശദമായ ചർച്ചകൾക്കു ശേഷം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

1. ദേശീയപാത 47 ൽ ആറ്റിങ്ങലിലെ മൂന്നുമുക്ക് മുതൽ പൂവൻപാറ വരെയുള്ള 3.00 കി.മീറ്റർ ദൂരം 20 മീറ്റർ വീതികൂട്ടി വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തയ്യാറാക്കിയിട്ടുള്ള അലൈൻമെന്റ് അംഗീകരിക്കുക.

(നടപടി : ചീഫ് എഞ്ചിനീയർ, NHs, പൊതുമരാമത്ത് (ഡി) വകുപ്പ്)

2. ഇതിനായി തയ്യാറാക്കിയിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട്

അംഗീകരിക്കുക. പദ്ധതിയ്ക്ക് ചിലവ് വരുമെന്ന് കണക്കാക്കിയിട്ടുള്ള 15 കോടി രൂപയുടെ എസ്റ്റിമേറ്റിന്, ഈ സാമ്പത്തിക വർഷം യാതൊരു വിധ ചിലവുകളും ഉണ്ടാവുകയില്ല എന്ന വ്യവസ്ഥയിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇതിനാവശ്യമായ തുക 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

(നടപടി : ചീഫ് എഞ്ചിനീയർ, NHs, പൊതുമരാമത്ത് (ഡി) വകുപ്പ്)

3. ആറ്റിങ്ങൽ നഗരസഭയുടെ സഹകരണത്തോടെ ഭൂമി ഏറ്റെടുത്ത് അതിർത്തി കല്ലുകൾ സ്ഥാപിക്കുക.

(നടപടി : ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം)

4. ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആറ്റിങ്ങൽ നഗരസഭ സ്വീകരിക്കുക.

(നടപടി : ആറ്റിങ്ങൽ നഗരസഭ)

5. ഒഴിപ്പിക്കപ്പെടേണ്ടി വരുന്ന പദ്ധതി ബാധിതരുടെ പുനരധിവാസം ആറ്റിങ്ങൽ നഗരസഭയുടെ ചുമതലയിൽ നടപ്പിലാക്കുക.

(നടപടി : നഗരസഭ , ആറ്റിങ്ങൽ)

6. ഭൂമി സൗജന്യമായി വിട്ടുനൽകുന്നവർക്ക് പുതിയതായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

യോഗം 12.30 ന് അവസാനിച്ചു.

Salitha

സെക്ഷൻ ഓഫീസർ